**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**Email: ceekinfo.cee@kerala.gov.in**

**Phone : 0471 2525300**

## വിജ്ഞാപനം

## KEAM - 2024

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം

2024-25 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി **27.10.2024, 11.59 PM വരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Stray Vacancy Option Registration'** എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും, കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ/കോഴ്സുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് നടക്കാതെ ഒഴിവ് വരുന്ന സീറ്റുകൾ ഈ ഘട്ടത്തിൽ കൺവേർട്ട് ചെയ്യപ്പെടും.

### സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

- മൂന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് കോളേജുകളിൽ പ്രവേശനം നേടിയവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മൂന്നാംഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- മുൻഘട്ടങ്ങളിലെ അലോട്ട്മെന്റുകളെ തുടർന്ന്, പ്രവേശനം നേടിയ കോളേജിൽ നിന്നും **15.10.2024 ഉച്ചക്ക് 2.00 മണിക്ക് ശേഷം** (09.10.2024 ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വിജ്ഞാപനം) വിടുതൽ വാങ്ങിയവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- Phase I, Phase II, Phase III അലോട്ട്മെന്റ് ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കുകയും ഇപ്പോഴും പ്രവേശനത്തിൽ തുടരുന്നതുമായവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം MCC നൽകുന്ന അഖിലേന്ത്യാ ക്വോട്ടാ കൗൺസിലിംഗിൽ പങ്കെടുത്തിട്ടുള്ളവരുടെ Allotted Candidate ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അവർ ഓപ്ഷൻ രജിസ്റ്റർ ചെയ്തിരുന്നാൽപ്പോലും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.
- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.

- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റിലൂടെയോ പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.
- അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജിലേയ്ക്കും, കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**താത്ക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ**

| | |
|---|---|
| 25.10.2024 | ഓൺലൈൻ സ്ട്രേ വേക്കൻസിഫില്ലിംഗ് അലോട്ട്മെന്റ് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| 27.10.2024, 11.59 PM | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 28.10.2024 | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 29.10.2024 | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 30.10.2024 to 05.11.2024, 4.00 PM | അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |
| 05.11.2024, 5.00 PM | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ OAMS മുഖേന അപ്ഡേറ്റ് ചെയ്യാനുള്ള സമയം |

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Arun S Nair
Date: 25-10-2024 17:33:53
പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
25-10-2024